**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് കേരള മുനിസിപ്പൽ കോമൺ സർവ്വിസ് - ജീവനക്കാര്യം - പുനലൂർ നഗരസഭയിൽ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-I തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. ബിജു. എസ്. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ 1540/2019 നമ്പർ കേസിലെ 02.08.2019 തീയതിയിലെ ഇടക്കാല ഉത്തരവ് - നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം. 2068/2019/തസ്വഭവ തീയതി, തിരുവനന്തപുരം, 25.09.2019

---

പരാമർശം : **1.** പുനലൂർ നഗരസഭയിൽ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-I തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. ബിജു. എസ്. സർക്കാരിൽ സമർപ്പിച്ച 02.08.2019 തീയതിയിലെ നിവേദനം(Annexure MA1).

**2.** ശ്രീ. ബിജു. എസ് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ.നം.1540/2019 02.08.2019 തീയതിയിലുണ്ടായ വിധിന്യായം

**3.** നഗരകാര്യഡയറക്ടറുടെ 08.08.2019 തീയതിയിലെ ഇ 5-16356/2019 നം. കത്ത്.

## ഉത്തരവ്

പുനലൂർ നഗരസഭയിൽ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-I തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ.ബിജു.എസ്., സർക്കാരിൽ സമർപ്പിച്ച പരാമർശം 1 അപേക്ഷ പ്രകാരം തിരുവനന്തപുരം നഗരസഭയിൽ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന തന്നെ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-I തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകി വർക്കല നഗരസഭയിൽ നിയമിക്കുകയും തുടർന്ന് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധിന്യായം നടപ്പിലാക്കുന്നതിന് പുനലൂർ നഗരസഭയിലേക്ക് മാറ്റി നിയമിക്കുകയുമുണ്ടായതായും അറിയിച്ചിരുന്നു. മുനിസിപ്പൽ കോമൺ സർവ്വീസിലെ 2019 ലെ പൊതുസ്ഥലംമാറ്റത്തിൽ തിരുവനന്തപുരം നഗരസഭയിലേക്ക് സ്ഥലംമാറ്റത്തിന് താൻ ഓൺലൈനായി അപേക്ഷിച്ചിരുന്നെങ്കിലും ക്യൂ ലിസ്റ്റിൽ തന്നെ നാലാമതായി മാത്രമാണ് പരിഗണിച്ചിരിക്കുന്നത് എന്നും പട്ടികജാതി വിഭാഗത്തിൽപ്പെടുന്നതിനാലും ഭാര്യ തിരുവനന്തപുരത്ത് സർക്കാർ ജീവനക്കാരിയായതിനാലും സ്ഥലം മാറ്റത്തിൽ മുൻഗണന ലഭിക്കാൻ അർഹതയുള്ളതിനാൽ തന്നെ 01.08.2019-ലെ ഒഴിവിൽ തിരുവനന്തപുരം നഗരസഭയിൽ നിയമിക്കണമെന്ന് അപേക്ഷിച്ചിരുന്നു. കൂടാതെ ഇതേ

ആവശ്യമുന്നയിച്ച് ശ്രീ.ബിജു.എസ്. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത ഒ.എ 1540/2019 നമ്പർ കേസിലെ 02.08.2019 തീയതിയിലെ ഇടക്കാല ഉത്തരവ് പ്രകാരം തിരുവനന്തപുരം നഗരസഭയിൽ 01.08.2019-ലെ ഒഴിവ് നികത്തുന്നതിനു മുമ്പ്, ഒന്നാം കക്ഷിയായ സർക്കാർ ടിയാന്റെ അനക്ഷ്വർ എം.എ 1 അപേക്ഷയിന്മേൽ ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് നിർദ്ദേശിച്ചിരുന്നു.

2. നഗരകാര്യഡയറക്ടറുടെ ഇക്കാര്യത്തിലുള്ള പരാമർശം 3 ലെ റിപ്പോർട്ട് പ്രകാരം തിരുവനന്തപുരം നഗരസഭയിൽ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.ബിജു.എസിനെ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-I തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകി വർക്കല നഗരസഭയിൽ നിയമിക്കുകയും തുടർന്ന് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധിന്യായം നടപ്പിലാക്കുന്നതിന് തൊട്ടടുത്ത നഗരസഭയായ പുനലൂരിൽ മാറ്റി നിയമിക്കുകയുമുണ്ടായി. ശ്രീ.ബിജു.എസ്-ന്റെ 17.01.2002 മുതൽ 14.02.2019 വരെയുള്ള (ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-I, ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II, ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-I എന്നീ തസ്തികകളിൽ) സേവന കാലയളവിൽ 30.06.2008 മുതൽ 15.01.2009 വരെ, 6 മാസം മാത്രമാണ് ജില്ലയ്ക്ക് പുറത്ത് കൊല്ലം നഗരസഭയിൽ ജോലി നോക്കിയിട്ടുള്ളതെന്നും ബാക്കി കാലയളവ് തിരുവനന്തപുരം നഗരസഭയിൽ മാത്രമാണ് ജോലിനോക്കിയിരുന്നത് എന്നും അറിയിച്ചിരുന്നു.

3. തിരുവനന്തപുരം നഗരസഭയിൽ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-I തസ്തികയിൽ ഒരു ഒഴിവ് നിലവിലുള്ളതായും, എന്നാൽ ജീവനക്കാരുടെ പൊതു സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് സർക്കാർ ഉത്തരവ് പ്രകാരം ജീവനക്കാരുടെ Outstation seniority കണക്കാക്കി ക്യൂ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട് എന്നും ടി ക്യൂ ലിസ്റ്റിൽ നിന്നുമാത്രമേ സ്ഥലംമാറ്റം നടത്തുവാൻ സാധിക്കുകയുള്ളൂ എന്നും പ്രസ്തുത ക്യൂ ലിസ്റ്റ് പ്രകാരം തിരുവനന്തപുരം നഗരസഭയിലേയ്ക്ക് ശ്രീ.ബിജു.എസ് നാലാം സ്ഥാനത്താണ് എന്നും അറിയിക്കുന്നു. നിലവിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ക്യൂ ലിസ്റ്റിലെ സീനിയോറിറ്റി അനുസരിച്ച് അപേക്ഷകർക്ക് സ്ഥലംമാറ്റം നൽകി ടിയാന്റെ ഊഴം വരുന്ന മുറയ്ക്ക് മാത്രമെ ശ്രീ.ബിജു.എസ്-ന്റെ സ്ഥലംമാറ്റം പരിഗണിക്കുവാൻ നിർവ്വാഹമുള്ളൂ എന്നും നഗരകാര്യഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

4. സർക്കാർ ഇക്കാര്യം നഗരകാര്യഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം വിശദമായി പരിശോധിച്ചു. ശ്രീ. ബിജു. എസ്.,-ന്റെ മുനിസിപ്പൽ കോമൺ സർവ്വീസിലെ 17.01.2002 മുതൽ 14.02.2019 വരെയുള്ള 17 വർഷത്തെ സേവനകാലയളവിൽ 6 മാസം മാത്രമാണ് സ്വന്തം ജില്ലയ്ക്ക് പുറത്ത് കൊല്ലം നഗരസഭയിൽ ജോലി നോക്കിയിട്ടുള്ളതെന്നും ബാക്കി കാലയളവ് തിരുവനന്തപുരം നഗരസഭയിൽ മാത്രമാണ് ജോലിനോക്കിയിരുന്നത് എന്ന് കാണുന്നു. കൂടാതെ പൊതുസ്ഥലംമാറ്റം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച 25.02.2017 തീയതിയിലെ സ.ഉ(പി)നം.3/2017/ഉഭപവ- ഉത്തരവിലെ ഖണ്ഡിക 11 പ്രകാരം പ്രത്യേക മുൻഗണന

പ്രകാരമുള്ള സംരക്ഷണം പരമാവധി 5 വർഷമായി നിജപ്പെടുത്തണമെന്ന് വ്യവസ്ഥയുള്ളതിനാൽ ക്യൂലിസ്റ്റിൽ മുൻഗണന (പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന ജീവനക്കാരൻ) നൽകണമെന്ന അപേക്ഷകന്റെ വാദം പരിഗണനാർഹമല്ലായെന്ന് കാണുന്നു.

5. മേൽ സാഹചര്യത്തിൽ മുനിസിപ്പൽ ജീവനക്കാരുടെ പൊതു സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് നഗരകാര്യഡയറക്ടർ പ്രസിദ്ധീകരിച്ച ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-I തസ്തികയിലെ ക്യൂ ലിസ്റ്റ് ക്രമപ്രകാരമാണെന്ന് കാണുന്നു. നിലവിൽ പ്രസിദ്ധീകരിച്ചിട്ടുള്ള തിരുവനന്തപുരം നഗരസഭയിലേക്കുള്ള ക്യൂ ലിസ്റ്റിലെ നാലാം സ്ഥാനത്തുള്ള ടിയാന്റെ സ്ഥലംമാറ്റം, സീനിയോറിറ്റി അനുസരിച്ച് അപേക്ഷകർക്ക് സ്ഥലംമാറ്റം നൽകി ടിയാന്റെ ഊഴം വരുന്ന മുറയ്ക്ക് മാത്രമെ പരിഗണിക്കുവാൻ നിർവ്വാഹമുള്ളൂ എന്നതിനാൽ ശ്രീ. ബിജു. എസ്., സർക്കാരിൽ സമർപ്പിച്ച അപേക്ഷ (അനക്ഷർ എംഎ 1) പരിഗണനാർഹമല്ലെന്ന് കണ്ട് നിരസിച്ചുകൊണ്ട് തീർപ്പാക്കി ഉത്തരവാകുന്നു.

6. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം 3 പ്രകാരമുള്ള നിർദ്ദേശം മേൽപ്രകാരം നടപ്പിലാക്കിയിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**ആർ.എസ്സ്.കണ്ണൻ**

സ്പെഷ്യൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

അഡ്വക്കേറ്റ് ജനറൽ, കേരളാ, തിരുവനന്തപുരം.( ആമുഖ കത്ത് സഹിതം)

ശ്രീ. ബിജു. എസ്, ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-I ,പുനലൂർ നഗരസഭ

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ